(ബി) സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ.

1.	പീച്ചി ഡാം	—	തൃശ്ശൂർ.
2.	വാഴാനി ഡാം	—	തൃശ്ശൂർ.
3.	വാളയാർ ഡാം	—	പാലക്കാട്.
4.	മീങ്കര ഡാം	—	പാലക്കാട്.
5.	ചുള്ളിയാർ ഡാം	—	പാലക്കാട്.
6.	മംഗലം ഡാം	—	പാലക്കാട്.
7.	മലമ്പുഴ ഡാം	—	പാലക്കാട്.
8.	പോത്തുണ്ടി ഡാം	—	പാലക്കാട്.
9.	നെയ്യാർ ഡാം	—	തിരുവനന്തപുരം
10.	കുറ്റിയാടി ഡാം	—	കോഴിക്കോട്.
11.	ചിമ്മിനി ഡാം	—	തൃശ്ശൂർ.
12.	കല്ലട ഡാം	—	തെൻമല (കൊല്ലം)
13.	കാഞ്ഞിരപ്പുഴ ഡാം	—	പാലക്കാട്.
14.	മലങ്കര ഡാം	—	തൊടുപുഴ (ഇടുക്കി)
15.	ചാലക്കുടി ഡാം	—	ചാലക്കുടി
16.	പെരിയാർ വാലി ബാരേജ്	—	കൊച്ചി.
17.	പമ്പ ബാരേജ്	—	പത്തനംതിട്ട.
18.	പഴശ്ശി ബാരേജ്	—	കണ്ണൂർ.

(സി) ഇല്ല.

(ഡി) ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ദശയിലാണ്.

1. മീനച്ചിൽ
2. ബാണാസുര സാഗർ
3. കുരിയാർ കുട്ടി-കാരപ്പാറ
4. ചാലിയാർ
5. വാമനപുരം

കൂടാതെ, ഉള്ള പദ്ധതികൾ കൊണ്ട് തന്നെ കൂടുതൽ സ്ഥലത്ത് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനായി നാഷണൽ വാട്ടർ മാനേജ്മെന്റ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ഒരെണ്ണം (കാരാപ്പുഴ)

സംസ്ഥാനത്തെ നദികളിൽ നിന്നും പാഴായിപ്പോകുന്ന ജലം

2. [1718] ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളിൽ നിന്നും പാഴായിപ്പോകുന്ന ജലത്തിന്റെ അളവ് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പാഴായിപ്പോകുന്ന ജലം ഉപയോഗിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ജലസേചനവകുപ്പ് സ്വീകരിച്ചുവരുന്ന വിവിധ പദ്ധതികളെപ്പറ്റി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജലസേചന വകുപ്പ് കണക്കാക്കിയിട്ടില്ല.
(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലഭ്യമായ ജലം പരമാവധി ഉപയോഗപ്രദമാക്കുവാൻ ചെക്ക് ഡാമുകൾ നിർമ്മിക്കുവാനും അവയുടെ പണി ത്വരിതപ്പെടുത്തുവാനും തീരുമാനിച്ചു. 17 സ്കീമുകളിലായി 35 ചെക്ക് ഡാമുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

മലയോര പ്രദേശങ്ങളിലെ പ്രകൃതിദത്ത നീരുറവകൾ

3. [1719] ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിലെ പ്രകൃതിദത്ത നീരുറവകൾ ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജലസ്രോതസ്സുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം, വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മലയോര പ്രദേശങ്ങളിലെ പ്രകൃതിദത്ത നീരുറവകൾ ഉപയോഗപ്പെടുത്തുന്നതിന് ജലസേചന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് മലയോര ജലസംഭരണ പദ്ധതി. മലയോര മേഖലയിൽ ലഭ്യമായ ജലസ്രോതസ്സുകളിൽ ചെറുസംഭരണികൾ നിർമ്മിച്ച് ജലം സംഭരിച്ച് കൂടി വെള്ളത്തിനും ജലസേചനത്തിനും സഹായകമായ പദ്ധതികൾ സ്പോൺസറിംഗ് ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. മലയോര ജലസംഭരണ പദ്ധതിൻകീഴിൽ കോട്ടയം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ പണികൾ ഏറെറടുത്തിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ പണികൾ ഏറെറടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എം. എൽ. എ. ക്ക് ഒരു ജലസേചന പദ്ധതി

4. [1741] ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. ക്ക് ഒരു ജലസേചന പദ്ധതി എന്ന സ്കീം നിലവിലുണ്ടോ ;

(ബി) പ്രസ്തുത സ്കീമിൽ സംസ്ഥാനത്തു ഇതുവരെയായി എത്ര പദ്ധതികൾ പൂർത്തിയായിട്ടുണ്ട് ;

(സി) ബാക്കിയുള്ള പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി ആൻഡ് സി) എം. എൽ. എ. ക്ക് ഒരു ജലസേചന പദ്ധതി എന്ന സ്കീം ജലസേചന വകുപ്പിൽ നിലവിലില്ല. എന്നാൽ ഓരോ നിയോജകമണ്ഡലത്തിലെയും എം. എൽ. എ. മാർ ചെയർമാനായുള്ള

LIBRARY ARCHIVES Kerala Legislative Assembly